# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2873 — 28/01/2014 ൽ മറുപടിക്ക്

### സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിന് സർക്കാർ തുക അനുവദിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്നതിന് സർക്കാർ തുക നൽകുവാൻ നിശ്ചയിച്ചിട്ടുണ്ടോ ; | എ) | നിലവിൽ എസ്.എസ്.എ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ യൂണിഫോം അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് കൂടി അനുവദിച്ച് 29/05/2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.177/2013/പൊ.വി.വ പ്രകാരം സർക്കാർ തീരുമാനിക്കുകയും, 80 കോടി രൂപ അനുവദിക്കുകയും ചെയ്തു. |
| ബി) | എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നതെന്ന് വിശദമാക്കാമോ; | ബി) | പൊതു വിദ്യാഭ്യാസ മേഖലയിൽ 1-ആം ക്ലാസ് മുതൽ 8-ആം ക്ലാസ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവൺമെന്റ് /എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ സ്കൂൾ യൂണിഫോം വിതരണം ചെയ്യാനാണ് തീരുമാനിച്ചത്. |
| സി) | യൂണിഫോമിന് നൽകുന്ന തുക ഏത് രീതിയിലാണ് വിനിയോഗം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; | സി) | 19/11/2013 ലെ സർക്കാർ ഉത്തരവ് (കൈ )നം.298/2013/പൊ.വി.വ നം.ഉത്തരവ് പ്രകാരം യൂണിഫോം വിതരണത്തിനുള്ള കമ്പനികളെ എംപാനൽ ചെയ്യുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും എംപാനൽ ചെയ്ത |

| | | | |
|---|---|---|---|
| | | | കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതു വിപണിയിൽ നിന്നോ യൂണിഫോം തുണിത്തരങ്ങൾ ഒരു ജോഡിക്ക് 200 രൂപ നിരക്കിൽ ഒരു കുട്ടിക്ക് രണ്ടു ജോഡി യൂണിഫോം (തയ്യൽക്കൂലിയടക്കം) തുണി വാങ്ങി നൽകാനാണ് എസ്.എം.സി / പി.ടി.എകളെ അനുവദിച്ചിരിക്കുന്നത്. |
| ഡി) | യൂണിഫോം വാങ്ങുന്നതിനായി അദ്ധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വൈപ്പിൻ മണ്ഡലത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായി അദ്ധ്യാപകർക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ഡി) | യൂണിഫോം വാങ്ങുന്നതിനായി പ്രഥമാധ്യാപകരെ ചുമതലപ്പെടുത്തിക്കൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.എസ്.ഡബ്ല്യു.എം, ബിൽവാര ടവേഴ്സ്, നോയിഡ, ഉത്തർപ്രദേശ് എന്ന കമ്പനിയെയാണ് വൈപ്പിൻ പ്രദേശത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണത്തിന് എംപാനൽ ചെയ്യപ്പെട്ടിട്ടുള്ളത്. |
| ഇ) | വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര വിദ്യാലയങ്ങൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും, പ്രധാന അധ്യാപകർക്ക് തുക കൈമാറിയ തീയതി ഏതെന്നും വ്യക്തമാക്കാമോ? | ഇ) | വൈപ്പിൻമണ്ഡലത്തിലെ ഗവ.സ്കൂളുകളിൽ സൗജന്യ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നതിനായി ആകെ 13 വിദ്യാലയങ്ങൾക്ക് 342000/ രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

Usaima Beevi S

സെക്ഷൻ ഓഫീസർ

*അനുബന്ധം*

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സൗജന്യ യൂണിഫോമിന് അർഹരായ കുട്ടികളുടെ എണ്ണം | അനുവദിച്ച ആകെ തുക | പ്രധാനാദ്ധ്യാപകന് തുക കൈമാറിയ തീയതി | കമ്പനി |
|---|---|---|---|---|---|
| 1 | ജി.എഫ്.എൽ.പി.എസ്. പനമ്പുക്കാട് | 18 | 7200 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 2 | ജി.എച്ച്.എസ്. കടമക്കുടി | 140 | 56000 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 3 | ജി.എൽ.പി.ജി.എസ്. ചെറായി | 34 | 13600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 4 | ജി.യു.പി.എസ്. വൈപ്പിൻ | 39 | 15600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 5 | ജി.എച്ച്.എസ്.എസ്. എളങ്കുന്നപ്പുഴ | 125 | 50000 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 6 | ജി.യു.പി.എസ്. പുതുവൈപ്പ് | 54 | 21600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 7 | ജി.എഫ്.യു.പി.എസ്. ഞാറക്കൽ | 96 | 38400 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 8 | ജി.എൽ.പി.എസ്. ചെറായി | 24 | 9600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 9 | ജി.യു.പി.എസ് എടവനക്കാട് | 94 | 37600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 10 | ജി. എൽ.പി.എസ്. എളങ്കുന്നപ്പുഴ | 61 | 24400 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 11 | ജി.എൻ. എൽ.പി.എസ്. എളങ്കുന്നപ്പുഴ | 19 | 7600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 12 | ജി.വി.എച്ച്.എസ്.എസ്. ഞാറക്കൽ | 104 | 41600 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| 13 | ജി.എൽ.പി.എസ്. പള്ളിപോർട്ട് | 47 | 18800 | 30-11-2013 | ആർ.എസ്.ഡബ്ല്യു. എം. ബിൽവാരടവേഴ്സ് നോയിഡ ഉത്തർപ്രദേശ് |
| | ആകെ | 855 | 342000 | | |

*Venkaima Devi. S.* (signature)